LIBRARY ARCHIVES Kerala Legislative Assembly

ഉള്ളൂർ കടവിൽ പാലം പണിയുവാൻ നടപടി

50 [1460] ശ്രീ. എ. സി ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ചെങ്ങോട്ടുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഉള്ളൂർ കടവിൽ ഒരു പാലം പണിയുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുവാൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) സഹായം നൽകുന്നതിന് നബാർഡ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) 300 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള ഈ പാലം നിർമ്മാണത്തിന് നബാർഡ് സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ നിർദ്ദേശം നബാർഡിന്റെ പരിഗണനയിലാണ്.

എടപ്പലം പാലം നിർമ്മിക്കാൻ നടപടി

51 [1461] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എടപ്പലത്ത് നിന്ന് കുന്തിപ്പുഴയ്ക്ക് കുറുകെ എടപ്പലം പാലം, നിർമ്മിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) വളരെ ജനോപകാരപ്രദമായ ഈ പാലം നിർമ്മിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത്‌രാജ് നിയമം നിലവിൽ വന്നതോടെ ഈ പാലം നിർമ്മിക്കേണ്ട ചുമതല പഞ്ചായത്ത് വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികൾ ഇക്കാര്യത്തിൽ ഒരു യോജിച്ച തീരുമാനത്തിലെത്തിയിട്ടില്ല. പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പിന്റെ ചെലവിൽ ഒരു തൂക്കുപാലം നിർമ്മിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

കൊച്ചുകടപ്പാലം ഗതാഗതയോഗ്യമാക്കാൻ നടപടി

52 [1462] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കൊച്ചുകടപ്പാലം ഇപ്പോൾ ഗതാഗതയോഗ്യമാണോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ പുനരുദ്ധാരണ പണികൾ നടക്കുന്നുണ്ടോ;

(സി എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അല്ല.

(ബി ആന്റ് സി) നബാർഡ് സഹായം ലഭ്യമാക്കി ഈ പാലം പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കാൻ ശ്രമങ്ങൾ നടത്തിവരുന്നു.

മന്നാക്കടവ് പാലത്തിന്റെ പണി

53 [1463] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം-കടമ്പൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മന്നാക്കടവ് പാലത്തിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പണി പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലത്തിന്റെ നിർമ്മാണ ജോലികൾ പൂർത്തിയായി. അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ് നടന്നുവരുന്നു.

(ബി ആന്റ് സി) അപ്രോച്ച് റോഡിന്റെ ജോലികൾ പൂർത്തിയാക്കി 2005 മാർച്ച് മാസത്തിനകം പാലം ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി നഗരത്തിൽ എൻ. എച്ച്. 47-ഉം എൻ. എച്ച് 17-ഉം തമ്മിൽ സന്ധിക്കുന്ന സ്ഥലത്ത് ഫ്ലൈഓവർ

54 [1464] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിൽ എൻ. എച്ച്. 47-ഉം എൻ. എച്ച്. 17-ഉം തമ്മിൽ സന്ധിക്കുന്ന ഭാഗത്ത് ഫ്ലൈഓവർ നിർമ്മിക്കണമെന്ന ആവശ്യം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രനിലപാട് എന്താണെന്ന് അറിയിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) നബാർഡ് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായം പ്രയോജനപ്പെടുത്തി അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഈ ഫ്ലൈഓവർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly